## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3674 — 15.03.2018 -ൽ മറുപടിക്ക്

### പ്രസാദ് സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങളാണ് വികസിപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; വിശദാംശങ്ങൾ ലഭ്യമാക്കമോ; | എ) ഇന്ത്യയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കി വരുന്ന 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനത്തിനായി 2016-17 സാമ്പത്തിക വർഷം 4614.20 ലക്ഷം രൂപയുടെ പദ്ധതിയ്ക്കാണ് അനുമതി ലഭിച്ചത്. അതിൽ 922.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി മെസേഴ്സ്. കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ആണ്. പദ്ധതി പ്രവർത്തികൾ നടത്തുന്നതിനായി ഗുരുവായൂർ മുനിസിപ്പാലിറ്റിയെയും, ഗുരുവായൂർ ദേവസ്വം ബോർഡിനെയും ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തികൾ നടന്നു വരുന്നു. |
| ബി) ഈ ഇനത്തിൽ 2016-2017, 2017-2018 എന്നീ വർഷങ്ങളിൽ കേരളത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ? | ബി) 'പ്രസാദ്' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചതായ മേൽ പദ്ധതിയ്ക്ക് ആദ്യഗഡുവായി 922.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലഭ്യമായ തുകകൾ മുഴുവൻ പ്രവർത്തികൾ നടത്തുന്ന ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ